# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 07 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

# ശബരിമല നടവരവ് 66.11 കോടി

വൃശ്ചിക മണ്ഡല–മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് നടതുറന്നതിനു ശേഷം ഡിസംബർ അഞ്ചുവരെ ശബരിമലയിൽ 66, 11,07,840 രൂപയുടെ വരവുണ്ടായതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർ അഡ്വ.എൻ.വിജയകുമാർ പറഞ്ഞു.കഴിഞ്ഞ വർഷം ഡിസംബർ അഞ്ചുവരെ 39,49, 20,175 രൂപയായിരുന്നു നടവരവ്. എന്നാൽ 2017ൽ 74,67,36,365 രൂപയായിരുന്നു വരവ്. ഈവർഷം വൃശ്ചികം ഒന്നിന് നടന്ന തുറന്നതു മുതൽ ഇതുവരെ , അഞ്ച് കോടിയോളം രൂപയുടെ നാണയങ്ങൾ എണ്ണി തീർക്കുന്നതിന് അവശേഷിക്കുന്നുണ്ട്. ധനലക്ഷമി ബാങ്ക് നാണയങ്ങൾ എണ്ണുന്നതിന് കൂടുതൽ യന്ത്രങ്ങൾ എത്തിക്കേണ്ടതാണ്. നാണയങ്ങൾ എണ്ണുന്നതിന് ക്ഷേത്ര കലാപീഠത്തിൽ നിന്ന് 40 പേരുടെ സേവനം തിങ്കളാഴ്ച മുതൽ സന്നിധാനത്ത് ലഭിക്കും. എണ്ണി തീർക്കാനുള്ളവ എണ്ണി തീർക്കും. തുടർന്ന് ഓരോ ദിവസത്തേയും നടവരവ് അന്നന്ന് എണ്ണി തീർക്കും. അരവണ 13.5 ലക്ഷവും അപ്പം 2 ലക്ഷവും സ്റ്റോക്കുണ്ട്. ലോഡ്എത്തിയതോടെ ശർക്കരയുടെ കുറവ് പരിഹരിച്ചു. നെയ് ക്ഷാമം പരിഹരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിച്ചു.

കഴിഞ്ഞവർഷം ഡിസംബർ അഞ്ചിന് 2,47,87,707 രൂപയായിരുന്നു വരവ്.

ഈവർഷം ഇതേദിവസം 3,42,58,0095 രൂപയാണ് വരവ്. 2017 ഡിസംബർ അഞ്ചിന് 4,19,09,729 രൂപയായിരുന്നു നടവരവ്. കഴിഞ്ഞ അ പേക്ഷിച്ച് ഭക്തരുടെ വരവിൽ വൻവർധനവുണ്ട്.

(പി.ആർ. ശബരി–136)

## പ്ലാസ്റ്റിക് വിരുദ്ധ ബോധവത്കരണം ഇരുമുടിക്കെട്ട് നിറയ്ക്കുന്നിടത്ത് തുടങ്ങണം: ഐ.ജി പി. വിജയൻ

ശബരിമലയിലേക്ക് പ്ലാസ്റ്റിക് വസ്തുക്കൾ കൊണ്ടുവരുന്നതിന് എതിരായ ബോധവത്കരണം സ്വാമി അയ്യപ്പൻമാർ ഇരുമുടിക്കെട്ട് നിറയ്ക്കുന്നിടത്ത് തുടങ്ങണമെന്ന് 'പുണ്യം പൂങ്കാവനം' പദ്ധതിയുടെ നോഡൽ ഓഫീസർ ഐ.ജി പി. വിജയൻ സന്നിധാനത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇരുമുടിക്കെട്ടിലും മറ്റുമായി പ്ലാസ്റ്റിക് സാമഗ്രികൾ കൊണ്ടുവന്നാൽ അവ ശബരിമലയിൽ നിക്ഷേപിക്കാതെ തിരികെ കൊണ്ടുപോവുക എന്നതുൾപ്പെടെ ശബരിമല തീർഥാടകർ അനുഷ്ഠിക്കേണ്ട സപ്തകർമ്മങ്ങൾക്ക് വ്യാപക പ്രചാരണം നൽകിവരുന്നതായും അദ്ദേഹം പറഞ്ഞു. സന്നിധാനത്ത് സ്വാമിമാർ വിരിവെക്കുന്ന സ്ഥലങ്ങളിൽ, പ്ലാസ്റ്റിക് തിരികെ കൊണ്ടുപോവാൻ തുണി സഞ്ചി വിതരണം ചെയ്യുന്നുണ്ട്. തീർഥാടനത്തിന് അനിവാര്യമല്ലാത്തതൊന്നും കൊണ്ടുവരേണ്ടതില്ലെന്നുള്ള ബോധവത്കരണമാണ് നടത്തുന്നത്. അതുപോലെ പമ്പാനദിയെ ശുദ്ധിയായി സൂക്ഷിക്കാനും സന്നിധാനത്തെ ശുചീകരണ പ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിക്കാനും സന്ദേശം നൽകുന്നു.

തമിഴ്നാട്, കർണാടക, തെലങ്കാന, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ വിവിധ സംഘടനകളും ക്ഷേത്രങ്ങളും ഗുരുസ്വാമിമാരുമായി ബന്ധപ്പെട്ട് ഇരുമുടിക്കെട്ടിലെ പ്ലാസ്റ്റിക് ഒഴിവാക്കുന്നതിനായി ബോധവത്കരണം 'പുണ്യം പൂങ്കാവനം' നടത്തിവരുന്നു. സന്നിധാനത്തെ പ്ലാസ്റ്റിക് മാലിന്യം തരിതിരിച്ച് ശേഖരിച്ചാൽ താഴേക്ക് കൊണ്ടുപോയി സംസ്കരിക്കാൻ കഴിയും. പ്ലാസ്റ്റിക് മാലിന്യം എത്തിച്ചാൽ സംസ്കരിക്കാൻ ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും തയാറാണെന്നും അദ്ദേഹം പറഞ്ഞു.

2011 നവംബർ 23ന് ആരംഭിച്ച 'പുണ്യം പൂങ്കാവനം' പദ്ധതിയുടെ ഭാഗമായി ശബരിമലയുമായി ബന്ധപ്പെട്ട ഇടത്താവളങ്ങളായ എരുമേലി, നിലയ്ക്കൽ, പമ്പ, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിലും വ്യാപാരി വ്യവസായി സമൂഹത്തിന്റെയും ടൂർ ഓപറേറ്റർമാരുടെയും വിദ്യാർഥികളുടെയും മറ്റും സജീവമായ സഹകരണത്തിൽ ശുചീകരണം നടന്നുവരുന്നതായി പി. വിജയൻ പറഞ്ഞു. എരുമേലിയിലെ ശുചീകരണത്തിൽ പാല ബിഷപ്പ് ഉൾപ്പെടെ സജീവമാണ്. പമ്പാ നദിയിൽ ശുചീകരണത്തെ തുടർന്ന് മാലിന്യം കുറഞ്ഞിട്ടുണ്ട്.

വരുംതലമുറയ്ക്കായി ശബരിമലയെ സംരക്ഷിക്കാൻ ഉത്തരവാദിത്ത തീർഥാടനത്തിന്റെ പുതിയ സംസ്കാരം സൃഷ്ടിക്കാനാണ് 'പുണ്യം

പൂങ്കാവനം' ശ്രമിക്കുന്നത്. നാം മനുഷ്യർ സ്വയം തീരുമാനിക്കാതെ പ്രകൃതിയെ സംരക്ഷിക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു.

'പുണ്യം പൂങ്കാവനം' പദ്ധതിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ അവലോകന യോഗവും ചേർന്നു. യോഗത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം അഡ്വ. എം. വിജയകുമാർ, എക്സിക്യൂട്ടീവ് ഓഫീസർ വി.എസ് രാജേന്ദ്രപ്രസാദ്, സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ഡോ. എ. ശ്രീനിവാസ്, എ.എസ്.ഒ. ബിജുഭാസ്ക്കർ, എ.എസ്.പി. വിവേക്കുമാർ, എൻ.ഡി.ആർ.എഫ് ഡെപ്യൂട്ടി കമാൻഡൻറ് ജി. വിജയൻ, ആർ.എ.എഫ് ഡെപ്യൂട്ടി കമാൻഡൻറ് ജി. ദിനേശ്, പുണ്യം പൂങ്കാവനം കോഓർഡിനേറ്റർ വി. അനിൽകുമാർ, അഖില ഭാരതീയ അയ്യപ്പ സേവാ സംഘം, അയ്യപ്പ സേവാ സമാജം പ്രവർത്തകർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി–137)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 07 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### ആടിയ ശിഷ്ടം നെയ്യിന് 75 രൂപ; പടി പൂജ 75,000

മണ്ഡല-മകര വിളക്ക് മഹോത്സവത്തിന് ശബരിമലയിലെത്തുന്ന ഭക്തരുടെ ഇരുമുടിക്കെട്ടിലെ നെയ്ത്തേങ്ങയിലെ നെയ്യ് അയ്യപ്പന് അഭിഷേകം ചെയ്യുന്നതിന് ടിക്കറ്റ് നിരക്ക് 10 രൂപ. സന്നിധാനത്തെ വിശേഷ പൂജയായ പടിപൂജയുടെ നിരക്ക് 75,000 രൂപ. ആടിയ ശിഷ്ടം നെയ്യ് 100 മില്ലി ലിറ്ററിന് 75 രൂപയ്ക്ക് കൗണ്ടറുകളിൽ ലഭിക്കും. അഭിഷേക നെയ്യ് പ്രസാദത്തിനും 75 രൂപയാണ് നിരക്ക്. അരവണപ്രസാദം 250 മില്ലി ലിറ്ററിന് 80 രൂപയാണ്. അപ്പം ഏഴെണ്ണമടങ്ങിയ ഒരു കവറിന് 35 രൂപ. ഇവയടക്കം മണ്ഡല-മകര വിളക്ക് മഹോത്സവത്തിന് നാൽപതിലേറെ വഴിപാടുകളാണ് ശബരിമലയിൽ.

വിവിധ പൂജകളുടെയും അഭിഷേകങ്ങളുടെയും നിരക്ക് ഇനി പറയുന്നു. അഭിഷേകം ടിക്കറ്റ് ഒന്ന്-10 രൂപ, മാല വടി പൂജ 20, മലർ നിവേദ്യം 20, ശർക്കര പായസം 20, വെള്ള നിവേദ്യം 20, വറ നിവേദ്യം 20, നെയ്യ് വിളക്ക് 25, ഉടയാട ചാർത്ത്/നടയ്ക്ക് വെപ്പ് 25, ചരട് ജപം 25, വിഭൂതി പ്രസാദം 25, അഷ്ടോത്തരാർച്ചന 30, മഞ്ഞൾ കുങ്കുമം അഭിഷേകം 40, മഞ്ഞൾ കുങ്കുമം 40, സഹസ്ര നാമാർച്ചന 40, ഒറ്റ ഗ്രഹപൂജ 50, സ്വയംവരാർച്ചന 50, നാഗരുപൂജ 50, പൂജിച്ച മണി ചെറുത് 50, നീരാഞ്ജനം 100,

പഞ്ചാമൃതാഭിഷേകം 100, നവഗ്രഹ നെയ്യ് വിളക്ക് 100, സ്വർണാഭരണ പൂജ 100, പഞ്ചാമൃത അഭിഷേകം (സെയിൽ) 100, അയ്യപ്പചക്രം 200, നവഗ്രഹ പൂജ 250, ശത്രുസംഹാര പുഷ്പാഞ്ജലി 250, ഹരിഹര സൂക്ത പുഷ്പാഞ്ജലി 250, ഗണപതി ഹോമം 300, തുലാഭാരം 500, ഉഷപൂജ 750, മുഴുക്കാപ്പ് 750, ഭഗവതി സേവ 2000, ഉച്ചപൂജ 2500, നിത്യപൂജ 3000, ലക്ഷാർച്ചന 10,000, പുഷ്പാഭിഷേകം 10,000, ഉത്സവബലി 30,000, ഉദയാസ്തമന പൂജ 40,000, സഹസ്രകലശം 40,000, പടിപൂജ 75,000 രൂപ.

(പി.ആർ. ശബരി–138)

## മനംനിറഞ്ഞ് ഇസ്രയേൽ സംഘം സന്നിധാനത്ത്

'അതുല്യം അനുപമം വിവരണാതീതം' –ഇസ്രയേലിൽ നിന്ന് ആദ്യമായി സന്നിധാനത്തെത്തിയ ഇസ്രയേലുകാരുടെ വാക്കുകളിൽ നിറഞ്ഞത് ശബരിമല സമ്മാനിച്ച അപൂർവ്വാനുഭവം. കാനനവാസന്റെ ശ്രീകോവിൽനടയിൽ നിന്ന് തൊഴുത് പ്രസാദകളഭം തൊട്ട് സോപാനത്ത് എത്തിയ ടെൽ അവീവിൽ നിന്നുള്ള സഞ്ചാരികളായ ഗാബിയും ടാലിയും ഡോവിയും സെവിയും വാചാലരായി. അപ്രതീക്ഷിതമായിരുന്നു ഈ സന്ദർശനമെന്ന് എഴുപത് പിന്നിട്ട അവർ പറഞ്ഞു. ഇസ്രയേലിൽ നിന്നുള്ള ജൂതമത വിശ്വാസികളായ നാലുപേരും എഞ്ചിനീയർമാരാണ്. തമിഴ്നാട്ടിൽ മധുര, തഞ്ചാവൂർ, കന്യാകുമാരി എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളും മറ്റും സന്ദർശിച്ച ശേഷം തിരുവനന്തപുരത്തെത്തിയ ഇവർ വർക്കല പാപനാശവും കോവളവും പോയ ശേഷമാണ് ശബരിമലയിലേക്ക് യാത്ര തിരിച്ചത്. സന്നിധാനത്തെത്തിയ നാലുപേർക്കും പോലീസ് സ്പെഷ്യൽ ഓഫീസർ ഡോ. എ. ശ്രീനിവാസ് വഴികാട്ടിയായി. ക്ഷേത്രത്തിന്റെ ഐതിഹ്യവും സവിശേഷതയും ആചാരവും അദ്ദേഹം വിശദീകരിച്ചു. ഉച്ചപൂജ സമയത്ത് ദർശനം നടത്തിയ നാലുപേർക്കും മേൽശാന്തി പ്രസാദം നൽകി.

ഇരു മുടിക്കെട്ടുമായി പതിനെട്ടാം പടി ചവിട്ടി സന്നിധാനത്തെത്തുന്ന ആയിരക്കണക്കിന് തീർത്ഥാടകരെ വിസ്മയത്തോടെ അവർ നോക്കി നിന്നു. മറ്റെവിടെയും കാണാത്ത ആചാരാനുഷ്ഠാനങ്ങളിലും ആതിഥ്യമര്യാദയിലും മനം നിറഞ്ഞു. ഇന്ത്യയെക്കുറിച്ച് വായിച്ചറിഞ്ഞാണ് ഇവിടെ വന്നതെന്നും ദക്ഷിണേന്ത്യ വിസ്മയിപ്പിച്ചുവെന്നും അവർ പറഞ്ഞു. പോലീസ് നൽകിയ ഭക്ഷണവും കഴിച്ച ശേഷമാണ് മലയിറങ്ങിയത്. ഇവർ രണ്ടു ദിവസം കഴിഞ്ഞ് നെടുമ്പാശ്ശേരിയിൽ നിന്ന് ടെൽ അവീവിലേക്ക് പറക്കും. കേരളത്തിന്റെ പ്രകൃതിഭംഗിയും ഭക്ഷണവും ശബരീശ സന്നിധി പകർന്നു നൽകിയ അനുഭവങ്ങളും എന്നും ഓർമയിലുണ്ടാകുമെന്ന് അവർ പറഞ്ഞു.

(പി.ആർ. ശബരി–139)

# ഐ.ജി പി. വിജയൻ സന്നിധാനത്ത് ദർശനം നടത്തി

'പുണ്യം പൂങ്കാവനം' പദ്ധതിയുടെ നോഡൽ ഓഫീസർ ഐ.ജി പി. വിജയൻ സന്നിധാനത്ത് ദർശനം നടത്തി. ഇരുമുടിക്കെട്ടുമായി പതിനെട്ടാം പടി ചവിട്ടിയാണ് ദർശനത്തിന് എത്തിയത്. തുടർന്ന്, 'പുണ്യം പൂങ്കാവനം' പദ്ധതിയുടെ ശുചീകരണ പ്രവർത്തനങ്ങളിലും അദ്ദേഹം പങ്കാളിയായി.

(പി.ആർ. ശബരി–140)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.